(2) കാസർഗോഡ് ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : സർ, കാസർഗോഡ് ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭിക്കുന്നതു സംബന്ധിച്ചാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. രണ്ടു വർഷം മുമ്പാണ് 3 കോടിയിൽപ്പരം രൂപ ചിലവാക്കി കാസർഗോഡ് ജില്ലാശുപത്രി കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചത്. എന്നാൽ ആവശ്യമായ ഫണ്ട് ലഭിക്കാത്തതുകൊണ്ട് നിർമ്മാണപ്രവർത്തനം തടസ്സപ്പെട്ടിരിക്കുകയാണ്. പിന്നോക്ക ജില്ലയെന്ന പ്രത്യേക പരിഗണന നൽകി ആവശ്യമായ ഫണ്ട് അനുവദിച്ച് നിർമ്മാണപ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാന്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഇതൊടൊപ്പം അതിന്റെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ ഫണ്ട് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കാസർഗോഡ് ജില്ലാ ആശുപത്രി കെട്ടിടനിർമ്മാണം പൂർത്തീകരിക്കാൻ ഒന്നര ക്കോടി രൂപയോളം അഡീഷണൽ ആതറൈസേഷൻ നൽകണമെന്ന് ചീഫ് എൻജിനീയർ എഴുതിയിരുന്നു. ബഡ്ജറ്റ് പ്രൊവിഷന്റെ മേഖലയിലാണ് തുക വരുന്നത്. ഈ ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത അവിടുത്തെ എം.എൽ.എ. മാർ എല്ലാപേരും എഴുതി തന്നിട്ടുണ്ട്. അത് വളരെ ആവശ്യമുള്ളതാണ്. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതോടുകൂടി മാത്രമേ ഈ അഡീഷണൽ ആതറൈസേഷൻ അനുവദിക്കാൻ പറ്റൂ. സാമ്പത്തിക പരിമിതി നോക്കാതെ ഒന്നും ചെയ്യാൻ കഴിയുകയില്ല. നിശ്ചയമായും ഗവൺമെന്റ് ഇക്കാര്യത്തിൽ സാദ്ധ്യമായ നടപടി എടുക്കുന്നതാണ്.

(3) സർവ്വീസ് പെൻഷൻകാരുടെ അടിയന്തിരാവശ്യങ്ങൾ

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, കേളത്തിലെ സർവ്വീസ് പെൻഷൻകാരുടെ അടിയന്തിരാവശ്യങ്ങൾ അടങ്ങിയ നിരവധി നിവേദനങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഒരു മാസത്തെ പെൻഷന് തുല്യമായ സംഖ്യ ഉൽസവ ബത്തയായി അടുത്ത ഓണത്തിനുമുമ്പുതന്നെ അനുവദിക്കണമെന്നതാണ് പ്രധാനപ്പെട്ട ആവശ്യം. ഇപ്പോൾ പെൻഷൻകാർക്ക് വെറും 275 രൂപയാണ് ഉൽസവബത്തയായി നൽകുന്നത്. മെഡിക്കൽ അലവൻസ് കേന്ദ്ര പെൻഷൻകാരുടേതിന് തുല്യമായി വർദ്ധിപ്പിക്കണം. കേരളത്തിൽ ഇപ്പോൾ പെൻഷൻകാർക്ക് 60 വയസ്സുമുതൽ പ്രതിമാസം 50 രൂപ വച്ചാണ് മെഡിക്കൽ അലവൻസ് നൽകുന്നത്. പെൻഷൻ പറ്റുന്ന അൻപത്തിയഞ്ചു വയസ്സുമുതൽ തന്നെ 200 രൂപ വച്ച് മെഡിക്കൽ അലവൻസ് നൽകണം. സർവ്വീസിൽനിന്നും പിരിയുമ്പോൾ ലഭിച്ചിരുന്ന ശമ്പളത്തിന്റെ പകുതി സംഖ്യയെങ്കിലും പെൻഷനായി നൽകണം. ജീവനക്കാർക്ക് നൽകുന്നതുപോലെ പെൻഷൻകാർക്കും മൂന്നു വർഷത്തിലൊരിക്കൽ 300 രൂപ കണ്ണടഅലവൻസ് നൽകണം. വൃദ്ധരും രോഗികളുമായ പെൻഷൻകാർക്ക് ട്രഷറികളിൽ വിശ്രമിക്കാനും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. സംസ്ഥാനത്ത് മൂന്നു ലക്ഷത്തിലേറെ പെൻഷൻകാരുണ്ട്. വർഷംതോറും പതിനയ്യാ

LIBRARY ARCHIVES Kerala Legislative Assembly

യിരം പേർ പുതുതായി പെൻഷൻ പറ്റുന്നുണ്ട്. കേരളത്തിൽ ഒരു പുതിയ പെൻഷൻ നിയമം പാസ്സാക്കിയെടുക്കണം. പെൻഷൻകാർക്ക് പുതിയ ചികിത്സാ പദ്ധതിയും ക്ഷേമനിധിയും നടപ്പാക്കണം. പെൻഷൻകാരായ എനിക്കും എന്റെ ഭാര്യക്കും മാത്രമല്ല മന്ത്രിക്കുകൂടി ഒരുപോലെ പ്രയോജന പ്രദമായ ഈ അടിയന്തിരാവശ്യങ്ങൾ എത്രയും വേഗം നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ.ടി. ശിവദാസമേനോൻ) : സർ, പെൻഷൻ കാരുടെ പ്രശ്നങ്ങളോട് വളരെ അനുഭാവപൂർവ്വമായ ഒരു സമീപനമാണ് ഈ സർക്കാർ കൈക്കൊണ്ടുവരുന്നത്. സാമ്പത്തിക സ്ഥിതിവച്ചുകൊണ്ട് പരമാ വധി ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നങ്ങളൊക്കെ ത്തന്നെ പ്രധാനപ്പെട്ട ആവശ്യങ്ങൾ തന്നെയാണ്. പെൻഷൻകാരോടുള്ള സമീ പനത്തിന്റെ ഒന്നുരണ്ടു കാര്യങ്ങൾ ഞാൻ ഇവിടെ പറയാം. ഈ മെഡിക്കൽ അലവൻസിന്റെ പ്രായപരിധി ഈ ഗവൺമെന്റ് വരുമ്പോൾ 65 വയസ്സായിരു ന്നു. ആ പ്രായപരിധി 60 വയസ്സായിട്ടു ചുരുക്കി. അതുപോലെതന്നെ മെഡി ക്കൽ അലവൻസ് മുൻപ് ഉണ്ടായിരുന്നത് ഇരട്ടിയാക്കി. അത് ആവശ്യങ്ങൾക്ക നുസരിച്ചായിരുന്നു എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ പണ്ടു കൊടു ത്തിരുന്നതിന്റെ ഇരട്ടി ഈ ഗവൺമെന്റ് പാസ്സാക്കി. 65 വയസ്സ് എന്നുള്ള പ്രായ പരിധി 60 വയസ്സാക്കിച്ചുരുക്കി. അതുപോലെ മുൻപ് മിനിമം പെൻഷൻ കിട്ടാ നുള്ള സർവ്വീസിന്റെ പരിധി പത്തുകൊല്ലമായിരുന്നു. ആ പത്ത് കൊല്ലമെന്നു ള്ളത് എടുത്തുകളഞ്ഞു. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ അവർക്ക് ഉയർന്ന പ്രായപരിധി ഇല്ലാത്തതുകൊണ്ട് വളരെ വൈകിയാണ് സർവ്വീസിൽ ചേരുന്നത്. അങ്ങനെ എട്ടും ഒൻപതും കൊല്ലം സർവ്വീസ് ഉള്ള വരെ എക്സംപ്റ്റ് ചെയ്യാൻവേണ്ടി, സ്പെഷ്യൽ റൂൾസ് ഓർഡേഴ്സിനുവേ ണ്ടി നിരവധി ഹർജികൾ ഗവൺമെന്റിന് കിട്ടുന്നുണ്ട്. അത് അത്രയും പ്രാധാ ന്യമുള്ള ഒരു പ്രശ്നം ആണെന്ന് കണ്ടതുകൊണ്ട് ജനറലായിട്ട് 10 വർഷ ത്തിന് താഴെയുള്ള സർവ്വീസ് മതിയെന്ന് നിശ്ചയിച്ചു. ഞാൻ പറയുന്നതെന്താ ണെന്നുവച്ചാൽ പെൻഷൻ കിട്ടണമെങ്കിൽ ഓർഡിനറി റിട്ടയർമെന്റ് ആവണം. ജോലി രാജിവച്ചുപോയാൽ മുപ്പതുകൊല്ലം സർവ്വീസ് ഉണ്ടെങ്കിലും പെൻഷൻ കിട്ടുകയില്ല. ദുബായിൽ, ലീവെടുക്കാതെ, ഒന്നും പറയാതെ ഇവിടെനിന്നും പോയാൽ തിരിച്ചുവരുമ്പോൾ ജോലിയും ഉണ്ടാവില്ല. പെൻഷനും ഉണ്ടാവില്ല. If he is removed from the service ആണെങ്കിലും പെൻഷൻ കിട്ടുകയില്ല. സർവ്വീ സിൽ നിന്ന് റിട്ടയർ ചെയ്യുന്നവർക്കാണ് പെൻഷൻ. അല്ലാത്തവർക്ക് മുപ്പതു കൊല്ലമുണ്ടായിട്ടും കാര്യമില്ല. പെൻഷൻ കൊടുക്കാൻ കഴിയുകയില്ല. സർ, അപ്പോൾ 10 കൊല്ലമെന്നുള്ള പരിധി മാറ്റി 10 വർഷത്തിലൊരിക്കലാണ് കേന്ദ്ര ഗവൺമെൻറിലെ പേ റിവിഷൻ. അവർ 13 വർഷമെടുത്തു. എന്നാലും 10 വർഷമാണ് പറഞ്ഞിരിക്കുന്നത്. പേ റിവിഷൻ കമ്മിറ്റി 10 വർഷം പറഞ്ഞിട്ടും 5 വർഷത്തിലൊരിക്കൽ ശമ്പളവും പെൻഷനും റിവൈസ് ചെയ്യുകയെന്നുള്ള ആ നയത്തിൽ ഗവൺമെന്റ് ഉറച്ച് നിൽക്കുകയും ഇക്കുറി ഇറക്കിയ പേ റിവി ഷൻ ജി.ഒ.യിൽ 10 വർഷത്തിലൊരിക്കൽ അല്ല, 5 വർഷത്തിലൊരിക്കൽ Frequent revision of pay emoluments ൽ ഉള്ള വർദ്ധനവിന് ഒരു ഫാക്ടർ ആണ്. ഇനി അടുത്ത കേന്ദ്ര ശമ്പള കമ്മീഷൻ വരുമ്പോഴേക്കും നമ്മുടേത് 5 കൊല്ലം കഴിഞ്ഞിട്ട് ഒന്നുകൂടി കഴിയും. അതുകഴിഞ്ഞ് വരുമ്പോഴേക്കും സ്റ്റേറ്റ് പാരിറ്റിക്കുവേണ്ടി കേന്ദ്രം ആവശ്യപ്പെടുന്ന സ്ഥിതിയിൽ എത്തും. അതിന്റെ ആ ഫ്രീക്വൻസി ഓഫ് പേ റിവിഷൻ വളരെ പ്രധാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതുപോലെതന്നെ ഒരു മാസത്തെ ശമ്പളം ബോണസ്സായി ജീവനക്കാർക്ക് കൊടുക്കുന്നതുപോലെ കൊടുക്കണമെന്ന് പറഞ്ഞു. ഇപ്പോൾ ബോണസ് 275 രൂപയാണ്. അത് വളരെ പരിമിതമാണ്. ഒരു മാസത്തെ ശമ്പളം ബോണസ്സായിട്ട് മൂന്നര ലക്ഷത്തോളം പെൻഷൻകാർക്ക് കൊടുക്കുകയെന്നുള്ളത് ഇന്നത്തെ സാമ്പത്തിക സ്ഥിതിവച്ച് ഇപ്പോൾ ചെയ്യാൻ കഴിയുന്നതല്ല. അത് പരിശോധിക്കണമെന്നുള്ളത് ശരിയാണ്. പക്ഷേ, പെൻഷൻകാർക്ക് വേറെ സാന്ത്വികമായ ഒരാവശ്യമാണ്. പെൻഷൻ വെറുതെ ഒരു എമൗണ്ട് കൊടുക്കുന്നതുപോലെ കൊടുക്കാതെ ഇത്ര ദിവസത്തെ ശമ്പളം ബോണസ്സായി കൊടുക്കുന്നുവെന്ന് പറയുന്നതുപോലെ, ഇൻ പ്രിൻസിപ്പിൾ ഇത്ര ദിവസത്തെ എന്ന് പറഞ്ഞ് കൊടുക്കണമെന്നുള്ള ഒരു ആവശ്യമുണ്ട്. അത് വളരെ പ്രധാനമാണ്. അത് ഗവൺമെന്റ് അനുകൂലമായി പരിശോധിക്കും. അതനുസരിച്ച് ഉത്തരവും ഇറക്കും. അതിന് യാതൊരു സംശയവും വേണ്ട.

സർ, പിന്നെ ജീവനക്കാർക്ക് ക്ഷാമബത്ത കൊടുക്കുന്നു. അതിന്റെ കൂടെ ഡിയർനസ് റിലീഫുമുണ്ട്. പെൻഷനേഴ്സിന് പെൻഷന്റെകൂടെ കൊടുക്കുന്നതിന് ഡിയർനസ് റിലീഫ് എന്നാണ് പറയുന്നത്. ഡി.എ ജീവനക്കാർക്ക് കൊടുത്തുകഴിഞ്ഞ് കുറെ ദിവസങ്ങളും ആഴ്ചകളും കാത്തിരുന്നിട്ട് പിന്നെ ഡിയർനസ് റിലീഫിനുവേണ്ടി ഒരു ജി.ഒ. ഇറക്കലാണ് മുമ്പുണ്ടായിരുന്നത്. ആ സമ്പ്രദായം മാറ്റി ജീവനക്കാർക്ക് ഡി.എ കൊടുക്കുമ്പോൾ ആ ജി.ഒ. യിൽത്തന്നെ പെൻഷൻകാർക്കും ഡി.എ കൊടുക്കാനുള്ള ഉത്തരവുണ്ടാകും. അത് അവരുടെ ഒരു നീണ്ടകാല ആവശ്യമായിരുന്നു. അത് പൂർണ്ണമായി ഗവൺമെന്റ് നടപ്പിലാക്കി.

സർ, ഇനി അവരുടെ മെഡിക്കൽ സ്കീമിനെ സംബന്ധിച്ച് നമ്മൾ പരിശോധിക്കുന്നുണ്ട്. ഒരു വയബിൾ സ്കീം ഫോർ മെഡിക്കൽ-അതിനെ സംബന്ധിച്ച് നിവേദനം നൽകിയവരോട് ഞാൻ പറഞ്ഞതാണ് അതിന്റെ എല്ലാ വശങ്ങളും പഠിച്ച് ഒരു വയബിൾ സ്കീം ഉണ്ടാക്കി അതിനുവേണ്ട ഏർപ്പാടുകൾ ചെയ്യാമെന്ന്.

സർ, പിന്നെ ട്രഷറിയിലുള്ള സൗകര്യങ്ങളെക്കുറിച്ച് പറഞ്ഞു. അങ്കമാലി ട്രഷറി പുതിയതായിട്ട് പണിതതാണ്. പെൻഷൻകാർക്ക് ഇരിക്കാനുള്ള സൗകര്യങ്ങളൊക്കെ അവിടെ ചെയ്തിട്ടുണ്ട്. പെൻഷൻകാർക്ക് മണി ഓർഡർ വീട്ടിൽ കിട്ടുമെങ്കിലും അവർക്ക് ട്രഷറിയിൽ വന്നിരുന്ന് പെൻഷൻ വാങ്ങിപോകാനാണിഷ്ടം. കാരണം, എല്ലാ മാസവും അവർക്ക് ഒരുമിച്ച് കാണാമല്ലോ. അങ്ങനെ ട്രഷറിയിൽ വരേണ്ട കാര്യമില്ല. എല്ലാവർക്കുംകൂടി ഒരു ഒത്തുചേരലിനുവേണ്ടി വരുന്നതാണ്. അതുകൊണ്ട് ട്രഷറിയിൽ പെൻഷൻകാർക്ക് പ്രത്യേകമായി സൗകര്യങ്ങൾ ചെയ്യാനുള്ള എല്ലാ ഏർപ്പാടുകളും ഒരു ഫെയ്സ്ഡ് മാനറിൽ ചെയ്യാം. All on a sudden അല്ല. ഇപ്പോൾ ഞാൻ ട്രഷറിയിൽ കേന്ദ്രീകരിച്ചിരിക്കുന്നത് കമ്പ്യൂട്ടറൈസേഷനിലാണ്. അതുകഴിഞ്ഞാലുടനെ ഈ സംവിധാനത്തിനും ഏർപ്പാട് ചെയ്യും. പൊതുവിൽ പറഞ്ഞാൽ പെൻഷൻകാരോട് വളരെ അനുഭാവപൂർവ്വമായ സമീപനമെടുക്കുന്ന നയമാണ് ഈ ഗവൺമെന്റിനുള്ളത്. ആ വഴിക്ക് തന്നെ നീങ്ങും.

LIBRARY ARCHIVES Kerala Legislative Assembly